പഞ്ചായത്ത് UPS മൈലക്കാട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

Scanned with CamScanner

# യു. പി. മലയാളം മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ | അധ്യാപകർ | |

Scanned with CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങ |
|---|---|---|---|---|
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | വാർത്താലോകത്തേക്ക്<br>പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും അസംബ്ലിയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ഇതുവഴി പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശേഷി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | ക്ലാസ്സ് അധ്യാപകർ | |
| | വാർത്താവായന<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ്, സ്കൂൾ ലൈബ്രറി പുസ്തകൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ് | |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം / മുഖാമുഖം<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു തവണ | | |

Scanned with CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകല |
|---|---|---|---|---|
| 4) പഠിതാക്കളുടെ കലാവാസനയെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. മറ്റ് കലാകാരന്മാരെക്കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ, അധ്യാപകർ | |
| 5) കുട്ടികളുടെ റേഡിയോ അവതരണം. | **സ്കൂൾ എഫ്. എം**<br>വിശേഷ ദിനങ്ങളുടെ പ്രാധാന്യം റേഡിയോയിലൂടെ അവതരിപ്പിക്കുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. കുട്ടികളുടെ വിവിധ കഴിവുകൾ റേഡിയോയിലൂടെ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു തവണ | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ | |

Scanned with CamScanner

## യു.പി. സാമൂഹ്യശാസ്ത്രം - മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ - നേടിയെടുക്കൽ | **കളിയിൽ നിന്നും കാര്യത്തിലേക്ക്.** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രോജക്ടുകൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളും ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

Scanned with CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual field trip. ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 3) ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| 4) പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതിതാണ്ഡവം: നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യും. | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ. |

Scanned with CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 5) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ചുണ്ടായിട്ടുള്ള ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സ്വന്തം സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമാകുന്നു. | സെപ്തംബർ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ, സ്സ, ഹ, PTA. |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ്സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ സ്റ്റാഫ് |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | **നാളെവിടെ മക്കളേ?**<br>പരിസ്ഥിതി ചൂഷണത്തിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കുന്നുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവേ നടത്തി റിപ്പോർട്ട് തയ്യാറാക്കുക. | നവംബർ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |

Scanned with CamScanner

## അക്കാദമിക് മാസ്റ്റർ പ്ലാൻ

വിഷയം: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | • ഗണിത വിജയം :- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ മൂന്ന് പീരിഡ് | ഗണിത അധ്യാപകർ. | |
| • ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | . ഐ. ടി. സാധ്യതകളിലൂടെ. . ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ. ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ രണ്ട് പ്രാവശ്യം | ഗണിത അധ്യാപകർ. | |

Scanned with CamScanner

| ക്രം/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനരീതി | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത നിഘണ്ടു<br>• ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | • ഓരോ ക്ലാസ്സിലും ഗണിതവുമായി ബന്ധപ്പെട്ട പദങ്ങൾ കുട്ടികൾ പുസ്തകത്തിൽ നിന്നും കണ്ടെത്തുന്നു. അവയെ അക്ഷരമാലക്രമത്തിൽ മാറ്റുന്നു. ഓരോ പദത്തിന്റെയും വിശദീകരണം കണ്ടെത്തി ഗണിത നിഘണ്ടു തയ്യാറാക്കുന്നു. | മൂന്ന് മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ | |
| • വളരുന്ന ഗണിത ചാർട്ട്<br>• ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | • ഓരോ യൂണിറ്റ് കഴിയുമ്പോഴും അതിലെ ആശയങ്ങൾ ആദ്യം മുതൽ അവസാനം വരെ പല ഘട്ടങ്ങളിലായി ചിത്രീകരിച്ച് ചാർട്ട് തയ്യാറാക്കുന്നു. വളരുന്ന ഗണിത ചാർട്ടിൽ ഉൾപ്പെടുത്തേണ്ട ആശയങ്ങൾ അവയുടെ ഘട്ടങ്ങൾ എന്നിവ ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. കുട്ടികൾ സ്വന്തമായി ചാർട്ട് തയ്യാറാക്കുന്നു. | മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ | |

Scanned with CamScanner

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനരീതി | കാലം | ചുമതല | സാമ്പത്തി[illegible] വിശകലന[illegible] |
|---|---|---|---|---|
| ക്വസ്റ്റ്യൻ ബാങ്ക്: ഗണിതം മധുരമാക്കൽ | • ഓരോ യൂണിറ്റിലെയും ഓരോ മേഖലകൾ പഠിച്ചു കഴിയുമ്പോൾ ആ മേഖലയുമായി ബന്ധപ്പെട്ട കൂടുതൽ ചോദ്യങ്ങൾ കുട്ടികൾ നിർമിക്കുന്നു. ചോദ്യങ്ങളും ഉത്തരങ്ങളും ക്ലാസ്സിൽ അവതരിപ്പിക്കുന്നു. <br>• ചോദ്യങ്ങൾ പരസ്പരം പങ്കുവെയ്ക്കുന്നു. <br>• കൂടുതൽ ചോദ്യങ്ങളും ഉത്തരങ്ങളും ഉൾപ്പെടുത്തി ഓരോ കുട്ടിയും ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കുന്നു. | മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ | |
| ഗണിത ക്വിസ് | • ഓരോ പാഠഭാഗം പൂർത്തിയാക്കുമ്പോഴും അതിലെ ആശയങ്ങൾ ഉൾപ്പെടുത്തിയ ചോദ്യങ്ങൾ തയ്യാറാക്കി ക്വിസ് രൂപത്തിൽ ഓരോ ക്ലാസ്സിലും നടപ്പാക്കുന്നു. | മൂന്ന് മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ | |

Scanned with CamScanner

വിഷയം : ഗണിതം.

| ലക്ഷ്യം/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന രീതി | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്വസ്റ്റ്യൻ ബാങ്ക്: ഗണിതം മധുരമാക്കൽ | • ഓരോ യൂണിറ്റിലെയും ഓരോ മേഖലകൾ പഠിച്ചു കഴിയുമ്പോൾ ആ മേഖലയുമായി ബന്ധപ്പെട്ട കൂടുതൽ ചോദ്യങ്ങൾ കുട്ടികൾ നിർമിക്കുന്നു. ചോദ്യങ്ങളും ഉത്തരങ്ങളും ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br>• ചോദ്യങ്ങൾ പരസ്പരം പങ്കുവെയ്ക്കുന്നു.<br>• കൂടുതൽ ചോദ്യങ്ങളും ഉത്തരങ്ങളും ഉൾപ്പെടുത്തി ഓരോ കുട്ടിയും ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കുന്നു. | മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ | |
| ഗണിത ക്വിസ് | • ഓരോ പാഠഭാഗം പൂർത്തിയാകുമ്പോഴും അതിലെ ആശയങ്ങൾ ഉൾപ്പെടുത്തിയ ചോദ്യങ്ങൾ തയ്യാറാക്കി ക്വിസ് രൂപത്തിൽ ഓരോ ക്ലാസ്സിലും നടപ്പാക്കുന്നു. | മൂന്ന് മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ | |

Scanned with CamScanner

| ലക്ഷ്യം/ പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന രീതി | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പസിൽ കോർണർ<br>ഗണിതത്തെ കൂടുതൽ രസകരമാക്കാൻ | • 5, 6, 7 ക്ലാസ്സുകളിലെ ഗണിതാശയങ്ങളുമായി ബന്ധപ്പെട്ട പസിൽ കുട്ടികൾ ശേഖരിക്കുന്നു.<br>• ഓരോ ആഴ്ചയിലും പസിൽ കോർണർ ബോക്സിൽ പസിൽ എഴുതി പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾ ഉത്തരം കണ്ടെത്തി പസിൽ കോർണർ ബോക്സിൽ നിക്ഷേപിക്കുന്നു.<br>• ഉത്തരങ്ങളിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നു. | ആഴ്ചയിൽ ഒന്ന്. | ഗണിതാധ്യാപകർ | |
| ഗണിത മാഗസിൻ<br>. ഗണിതപഠനം ആസ്വാദ്യകരമാക്കാൻ | • യു പി ക്ലാസ്സുകളിലെ ഗണിതാശയവുമായി ബന്ധപ്പെട്ട ജ്യോമെട്രിക് ചാർട്ട്, നമ്പർ ചാർട്ട്, പസിലുകൾ, ക്വിസ്, ഗണിതശാസ്ത്രജ്ഞരുടെ ജീവചരിത്രക്കുറിപ്പ് എന്നിവ കുട്ടികൾ തയ്യാറാക്കുന്നു. എല്ലാം ഒരുമിച്ച് ചേർത്ത് ഗണിത പതിപ്പ് നിർമി- | വർഷത്തിൽ രണ്ട്. | ഗണിതാധ്യാപകർ | |

Scanned with CamScanner

# ACADEMIC MASTER PLAN

## 2025-26

## SUB: ENGLISH

| മാസം | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൂൺ | • ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും സംസാരിക്കാനും അവസരം ഒരുക്കുന്നു. | 1. Lend your Ear<br>പാഠഭാഗവുമായി ബന്ധപ്പെട്ട passage ലളിതമായി record ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. അതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ഇംഗ്ലീഷ് ടീച്ചർ | |
| | • Improving listening, speaking and writing skills. | 2. Let's play.<br>കുട്ടികളെ മനോഹരമായ ഏതെങ്കിലും വീഡിയോ കാണിക്കുന്നു. അവരോട് ആ വീഡിയോയിൽ കണ്ട വസ്തുക്കൾ ഏതൊക്കെയാണെന്ന് ഇംഗ്ലീഷിൽ പറയാൻ ആവശ്യപ്പെടുന്നു. ശേഷം നോട്ട്ബുക്കിൽ എഴുതുന്നു. | ഇംഗ്ലീഷ് ടീച്ചർ | |

Scanned with CamScanner

| മാസം | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ജൂൺ – മാർച്ച് | • Language development. | • ഇംഗ്ലീഷിൽ തന്നെ ക്ലാസ് കൈകാര്യം ചെയ്യുന്നു.<br>• ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസിനും ചുമതല നൽകുന്നു.<br>• ഇംഗ്ലീഷ് ഡയറി എഴുതിക്കുന്നു<br>• വായന ദിനവുമായി ബന്ധപ്പെട്ട് വായന മത്സരം നടത്തുന്നു. | | |
| ജൂലൈ | • Vocabulary development. | 1. My Word Gallery.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട പുതിയ വാക്കുകൾ ഓരോകുട്ടിയും കണ്ടെത്തി My word Gallery എന്ന ബുക്കിൽ എഴുതുന്നു. അർത്ഥം കണ്ടെത്തുന്നു. | | |

Scanned with CamScanner

| മാസം | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ജൂലൈ | • Developing listening, speaking and imaginative skills. | 2. Role Playing<br>• പാഠഭാഗത്തിലെ കഥാസന്ദർഭങ്ങൾ കുട്ടികൾ Roleplay ആയി അവതരിപ്പിക്കുന്നു. | ഇംഗ്ലീഷ് ടീച്ചർ | |
| | • Developing reading skill. | 3. I too can<br>• വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നു. ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക് തെറ്റുകൂടാതെ വായിക്കാൻ പ്രോത്സാഹനം നൽകുന്നു. | ഇംഗ്ലീഷ് ടീച്ചർ | |
| | • Developing speaking skills | 4. ബഷീർ ദിനത്തിൽ വൈക്കം മുഹമ്മദ് ബഷീറിനെ കുറിച്ച് ഇംഗ്ലീഷിൽ സംസാരിക്കാൻ അവസരം നൽകുന്നു. (അസംബ്ലി) | ഇംഗ്ലീഷ് ടീച്ചർ മറ്റ് അധ്യാപകർ. | |
| | | 5. ഇംഗ്ലീഷ് ക്ലബ് ഉദ്ഘാടനം. | all teachers. | |

Scanned with CamScanner

| മാസം | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൂലൈ | • Developing listening, speaking and imaginative skills. | 2. Role Playing<br>• പാഠഭാഗത്തിലെ കഥാസന്ദർഭങ്ങൾ കുട്ടികൾ Roleplay ആയി അവതരിപ്പിക്കുന്നു. | ഇംഗ്ലീഷ് ടീച്ചർ | |
| | • Developing reading skill. | 3. I too can<br>• വ്യത്യസ്ത തലങ്ങളിലായി വിവിധ വായനകാർഡുകൾ ക്രമീകരിക്കുന്നു. ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക് തെറ്റുകൂടാതെ വായിക്കാൻ പ്രോത്സാഹനം നൽകുന്നു. | ഇംഗ്ലീഷ് ടീച്ചർ | |
| | • Developing speaking skills | 4. ബഷീർ ദിനത്തിൽ വൈക്കം മുഹമ്മദ് ബഷീറിനെ കുറിച്ച് ഇംഗ്ലീഷിൽ സംസാരിക്കാൻ അവസരം നൽകുന്നു. (അസംബ്ലി) | ഇംഗ്ലീഷ് ടീച്ചർ മറ്റ് അധ്യാപകർ. | |
| | | 5. ഇംഗ്ലീഷ് ക്ലബ് ഉദ്ഘാടനം. | all teachers. | |

Scanned with CamScanner

| | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഗസ്റ്റ്. | • Developing creativity and imagination. | 1. English Magazine<br>• ഇംഗ്ലീഷ് മാഗസിനുമായി ബന്ധപ്പെട്ട് കുട്ടികൾ സ്വന്തമായി ഇംഗ്ലീഷിൽ തയ്യാറാക്കിയ Poems, stories, articles, pictures എന്നിവ collect ചെയ്ത Magzine തയ്യാറാക്കുന്നു.<br>• സ്കൂൾ അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു. | എല്ലാ അധ്യാപകരും | |
| | • Developing vocabulary. | 2. Leaning Ladder<br>• പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കാൻ അവസരം നൽകുന്നു.<br>• മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് സമ്മാനം നൽകി പ്രോത്സാഹിപ്പിക്കാം. | ഇംഗ്ലീഷ് ടീച്ചർ. | |

Scanned with CamScanner

| | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സെപ്റ്റംബർ | • Developing and enriching reading skill. | • ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, കഥകൾ, കവിതകൾ, എന്നിവ ഉൾക്കൊള്ളിക്കൽ.<br>• വായനക്കുറിപ്പ് തയ്യാറാക്കൽ<br>2. [illegible] | ഇംഗ്ലീഷ് ടീച്ചർ മറ്റ് അധ്യാപകർ. | |
| ഒക്ടോബർ | | Word corner<br>• എല്ലാ ക്ലാസുകളിലേക്കും ഒരു word corner തയ്യാറാക്കുകയും എല്ലാ ഇംഗ്ലീഷ് ക്ലാസുകളിലേയും പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്ക് ഈ word corner ൽ നിന്നും words select ചെയ്തു പഠിക്കാൻ ആവശ്യപ്പെടുന്നു. ഈ വാക്കുകളെ അടിസ്ഥാനമാക്കി | | |

Scanned with CamScanner

| [illegible] | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമഗ്രികൾ. |
| --- | --- | --- | --- | --- |
| | | Spelling games സംഘടിപ്പിക്കണം. | | |
| | • Developing Speaking skills. | • വിദ്യാർത്ഥിദിനത്തിൽ ഡോ. APJ അബ്ദുൽ കലാമിനെ കുറിച്ച് ഒരു പ്രസംഗം അസംബ്ലിയിൽ നടത്താൻ അവസരം നൽകുന്നു. | ഇംഗ്ലീഷ് ടീച്ചർ, മറ്റ് അധ്യാപകർ | |
| നവംബർ | | • <u>Short film making</u><br>• പാഠഭാഗവുമായി ബന്ധപ്പെട്ട് Short film (2-3 minute) നിർമ്മിക്കുന്നു. (ഇംഗ്ലീഷിൽ)<br>• ഓരോ കുട്ടികളെയും പങ്കാളികളാക്കുന്നു.<br>• പൂർത്തിയാക്കിയ short film projector ൽ പ്രദർശിപ്പിക്കുകയും class groupകളിൽ present ചെയ്യുകയും ചെയ്യുന്നു. | | |

Scanned with CamScanner

| മാസം | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തിക |
| --- | --- | --- | --- | --- |
| | Developing Speaking skills | 2. Children's Day Speech.<br>• ശിശുദിനവുമായി ബന്ധപ്പെട്ട് English speech ചെയ്യാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.<br>• സ്കൂൾ assembly ൽ കുട്ടികൾ അവതരിപ്പിക്കുന്നു. | all teachers. | |
| ഡിസംബർ | • Developing Creativity and imagination. | • Choreography<br>• ഇംഗ്ലീഷ് text bookമായിബന്ധപ്പെട്ട് കുട്ടികളെ കൊണ്ട് choreography ചെയ്യിക്കുന്നു. | | |

Scanned with CamScanner

| | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...വരി | • Developing speaking skills | • Descriptions, growing sentences, picture reading തുടങ്ങിയ ക്ലാസ്തല പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. | ഇംഗ്ലീഷ് ടീച്ചർ. | |
| ഫെബ്രുവരി | • Developing Listening skills. | Radio English. • ഇംഗ്ലീഷ് audio കേൾക്കാനുള്ള അവസരം ഒരുക്കുന്നു. • School Radio എന്ന പേരിൽ കുട്ടികൾക്ക് അവതരിപ്പിക്കാൻ അവസരം നൽകുന്നു. പ്രശസ്ത വ്യക്തികളുടെ speech കേൾപ്പിക്കുന്നു. | all teachers. | |
| മാർച്ച് | Developing LSRW. | • Follow me If you can. ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശം അനുസരിച്ച് പ്രവർത്തിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | all teachers. | |

Scanned with CamScanner

## Academic Master Plan - അടിസ്ഥാനശാസ്ത്രം

| കാലയളവ് | പ്രവർത്തനങ്ങൾ | ചുമതല | വില |
| --- | --- | --- | --- |
| അക്കാദമിക വർഷം | ശാസ്ത്ര വിജ്ഞാന ചുവർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ ക്ലാസിലും ശാസ്ത്ര വിജ്ഞാന ചുവർ നിർമിക്കുന്നു. | സയൻസ് അധ്യാപകർ | |
| ജൂൺ | വൃക്ഷത്തൈ നടീൽ<br>പരിസര ദിനവുമായി ബന്ധപ്പെട്ട് സ്കൂൾ പരിസരത്ത് വൃക്ഷത്തൈകൾ നടുന്നു | സയൻസ് ക്ലബ് ഇക്കോ ക്ലബ് | |
| ഫെബ്രുവരി | ശാസ്ത്രദിനാചരണം | സയൻസ് ക്ലബ് | |
| അക്കാദമിക വർഷം | പഠനയാത്ര, പരിസ്ഥിതി ക്യാമ്പ്<br>കുട്ടികൾക്ക് വ്യത്യസ്തമായ പഠനാനുഭവങ്ങൾ ലഭ്യമാക്കാനായി പഠനയാത്ര, പരിസ്ഥിതി ക്യാമ്പ് തുടങ്ങിയവ സംഘടിപ്പിക്കുന്നു | ഇക്കോ ക്ലബ് സയൻസ് ക്ലബ് | |
| അക്കാദമിക വർഷം | പരീക്ഷണ കളരി<br>ശാസ്ത്ര ക്ലാസുകളിൽ പാഠഭാഗവുമായും ബന്ധപ്പെട്ട വ്യത്യസ്ത നിത്യജീവിതവുമായും ലഘു പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. | സയൻസ് അധ്യാപകർ | |
| അക്കാദമിക വർഷം | മാസ്റ്റർ മൈൻഡ്<br>സയൻസ് ക്ലബ്- ഇക്കോ ക്ലബ് എന്നിവയു- മായി ബന്ധപ്പെട്ട് ശാസ്ത്ര പ്രോജക്ടുകൾ അവതരിപ്പിക്കുന്നു | ശാസ്ത്രക്ലബ് ഇക്കോ ക്ലബ് | |

Scanned with CamScanner

അടിസ്ഥാന ശാസ്ത്രം

| കാലയളവ് | പ്രവർത്തനങ്ങൾ | ചുമതല | വിലയിരുത്തൽ |
| --- | --- | --- | --- |
| അക്കാദമിക വർഷം | ശാസ്ത്രലാബ് നവീകരണം ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയുമായി ബന്ധപ്പെട്ട ശാസ്ത്രോപകരണങ്ങൾ പ്രത്യേകം സജ്ജമാക്കുക. | അധ്യാപകർ PTA | |
| അക്കാദമിക വർഷം | ഔഷധത്തോട്ടം, പൂന്തോട്ടം നിർമാണം | കുട്ടികൾ, വിവിധ ക്ലബ്ബുകൾ | |

Scanned with CamScanner

# അക്കാദമിക മാസ്റ്റർപ്ലാൻ സംസ്കൃതം

| മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | ചിലവ് |
|---|---|---|---|---|
| ലേഖനം | <u>അക്ഷരമുറപ്പിക്കൽ</u><br>സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും വ്യക്തമാക്കൽ, അക്ഷരങ്ങൾ എഴുതി പഠിപ്പിക്കുന്നു. അക്ഷരക്കാർഡുകൾ ഉപയോഗിച്ച് അക്ഷരങ്ങൾ തിരിച്ചറിയുന്നു. അക്ഷരക്കളികൾ നടത്തുന്നു.<br>* വാക്യങ്ങൾ നൽകിക്കൊണ്ട് ഏതക്ഷരമാണെന്ന് ഉറപ്പിക്കുന്നു<br>* സ്വരചിഹ്നങ്ങൾ ഉറപ്പിക്കുന്നു. ദീർഘസ്വരങ്ങളും, ഹ്രസ്വസ്വരങ്ങളും മനസ്സിലാക്കുന്നു. ഉകാരം, ഊകാരം എന്നിവ മനസ്സിലാക്കുന്നു. ഋകാര ചിഹ്നം മന | 1 മാസം | അധ്യാപിക. | |

Scanned with CamScanner

| | | | | |
|---|---|---|---|---|
| | സ്സിലാക്കുന്നു. നിരന്തര വിലയിരുത്തൽ നടത്തുന്നു.<br>* കൂട്ടക്ഷരങ്ങൾ മനസ്സിലാക്കുന്നു. കൂട്ടക്ഷര പദങ്ങൾ മനസ്സിലാക്കുന്നു. കൂട്ടക്ഷരങ്ങൾ ഉപയോഗിച്ചുള്ള പദങ്ങൾ മനസ്സിലാക്കുന്നു. നിരന്തര മൂല്യനിർണയം നടത്തുന്നു. ചെറിയവാക്യങ്ങൾ ചേർത്ത് പാഠം നിർമ്മിക്കുന്നു. കവിതകൾ എഴുതുവാൻ പ്രേരിപ്പിക്കുന്നു. | | | |
| വായനം | സംസ്കൃത അസംബ്ലിയിൽ ചിന്താവിഷയം, ആപ്തവാക്യങ്ങൾ വായിക്കുന്നു. ക്ലാസ്സുകളിൽ സംഘവായന വ്യക്തിഗതവായന നടത്തുന്നു. ലൈബ്രറി ഉപയോഗപ്പെടുത്തുന്നു. വായന മത്സരം നടത്തുന്നു. | | സംസ്കൃത അധ്യാപിക പി.ടി.ഫ | |

| | | | | |
|---|---|---|---|---|
| | സ്കൂൾ ബോർഡിൽ സംസ്കൃത പദങ്ങൾ എഴുതുന്നു. ലൈബ്രറിയിൽ ഇതിഹാസ സംബന്ധിയായ ചെറുകഥകൾ വായിക്കുവാനുള്ള അവസരം നൽകുന്നു. കവിതകൾ എഴുതി വായിക്കുവാനുള്ള അവസരം നൽകുന്നു. പ്രശ്നോത്തരി മത്സരങ്ങൾ നടത്തുന്നു. | | | |
| വസം | സംസ്കൃത അസംബ്ലി ആഴ്ചയിൽ ഒരു ദിവസം നടത്തുന്നു. റേഡിയോ ക്ലബ്ബിലൂടെ വിവിധ സംസ്കൃത പരിപാടികൾ നടത്തുന്നു. സംസ്കൃത ക്ലാസുകൾ സംഘടിപ്പിക്കുന്നു. ക്ലാസ്സിൽ സംസ്കൃതത്തിൽ നിർദേശം നൽകുന്നു. | | സംസ്കൃത അധ്യാപിക. പി.ടി.എ/ എസ്.ആർ.ജി. | |

Scanned with CamScanner

| | | | | |
|---|---|---|---|---|
| | സംസ്കൃത ദിനം ആചരിക്കുന്നു. സംസ്കൃതത്തിൽ വിവിധ പരിപാടികൾ നടത്തുവാൻ അവസരം നൽകുന്നു.<br><br>സംസ്കൃത കലോത്സവത്തിന് അവസരം നൽകുന്നു. തയ്യാറെടുപ്പുകൾ നടത്തുന്നു.<br>ദിനാചരണങ്ങൾക്ക് ഭാഗഭാഗിത്വം നടത്തുന്നു. | | | |

Scanned with CamScanner

## അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| 1. അക്ഷരബോധം ആർജിക്കൽ<br>• എല്ലാ കുട്ടികൾക്കും ഹിന്ദി അക്ഷരങ്ങളെ പരിചയപ്പെടാനും ഉറപ്പിക്കാനും അവസരമൊരുക്കുക. | • കവിതകൾ, ചെറുവാക്യങ്ങൾ, പദങ്ങൾ എന്നിവയിലൂടെ അക്ഷരങ്ങൾ പരിചയപ്പെടുത്തുക.<br>• അക്ഷര കാർഡുകൾ, ചിത്രങ്ങൾ ഇവയുടെ സഹായത്തോടെ അക്ഷരങ്ങൾ ഉറപ്പിക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| 2. ഹിന്ദി വായന<br>• ഹിന്ദി വാക്യങ്ങൾ, വാക്കുകൾ ഇവ വായിക്കാനുള്ള ശേഷി ഉണ്ടാക്കുക. | • ചെറു വാക്കുകൾ (വ്യക്തികൾ, മൃഗങ്ങൾ, പഴങ്ങൾ, വൃക്ഷങ്ങൾ) ആകർഷകമായി എഴുതി അക്ഷരകാർഡുകൾ തയ്യാറാക്കുക.<br>• പ്രതിജ്ഞ, ഹിന്ദി അക്കങ്ങൾ, മാസങ്ങൾ, ആഴ്ചകൾ ഇവ സ്ഥിരമായി വായിക്കുന്നതിനായി | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക. | |

Scanned with CamScanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| | പോസ്റ്ററുകൾ തയ്യാറാക്കും | | | |
| 3. ഹിന്ദി അസംബ്ലി<br>ഹിന്ദി കൂടുതൽ ഉപയോഗിക്കാനുള്ള അവസരം ഉണ്ടാക്കുക. | • ആഴ്ചയിൽ ഒരിക്കൽ ഹിന്ദി അസംബ്ലി നടത്തുക.<br>• പ്രാർത്ഥന, പ്രതിജ്ഞ, വാർത്ത, തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| 4. ദിനാചരണങ്ങൾ<br>ഹിന്ദിയുമായി ബന്ധപ്പെടുത്തി വിവിധ മത്സരങ്ങളിൽ മത്സരിക്കാനുള്ള അവസരം ഒരുക്കുക. | • ഹിന്ദി ദിനം, ശിശുദിനം, സ്വാതന്ത്ര്യദിനം തുടങ്ങിയ പ്രധാനപ്പെട്ട ദിനാചരണങ്ങളിൽ ഹിന്ദി പോസ്റ്ററുകൾ തയ്യാറാക്കുക.<br>• ദിനാചരണങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പാക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ. | ഹിന്ദി ക്ലബ്ബ് | |
| 5. സുരീലി വാണി<br>ഹിന്ദി കവിത, ഗാനം, കഥ, തുടങ്ങിയവ പോലുള്ളവ [illegible] | • സ്കൂൾ റേഡിയോ ക്ലബ്ബ്/റിക്കോർഡിംഗ് ആയിട്ട് കുട്ടികൾക്ക് കവിത, കഥ, ഗാനം ഇവ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കും. | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക, കുട്ടികൾ | |

Scanned with CamScanner